**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമ്പത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. നന്ദകുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമുദ്ര മത്സ്യോല്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് മുഖാന്തിരം ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ പ്രകാരം മനസ്സിലാക്കുന്നു. സുനാമി, ഓഖി, പോലുള്ള ദുരന്തങ്ങളും മത്സ്യസമ്പത്തിന്റെ കുറവിന് കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞത് മൂലം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സമുദ്ര മത്സ്യ ഉല്പാദനം കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര ഉപഭോഗത്തിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018 ൽ പുതിയ റൂൾ ഉത്തരവാകുകയും ചെയ്തു. അത് പ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 |

| | | | |
|---|---|---|---|
| | | | HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ , പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു ഉയർന്ന പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ ശാലകൾക്കും, വല നിർമാണ ശാലകൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുകയും ചെയ്തു. ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. |
| (സി) | സമുദ്ര മത്സ്യകൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | സമുദ്ര മത്സ്യക്കൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി അഡാക്ക് മുഖേന കടൽപായൽ, കല്ലുമ്മേക്കായ, കൂടു മത്സ്യകൃഷി എന്നിവയിലൂടെ സമുദ്ര കൃഷി സാധ്യതകൾ പഠന വിധേയമാക്കിയിരുന്നു. അറബി കടലിലെ ശക്തമായ തിരമാലയും പ്രതികൂലസാഹചര്യങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രാദേശിക എതിർപ്പുകളും മൂലം സമുദ്ര മത്സ്യകൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ താരതമ്യേന തിര കുറഞ്ഞതും അഴി/പൊഴിമുഖങ്ങളോട് ചേർന്നതുമായ തിരുവനന്തപുരം, കൊല്ലം. എറണാകുളം, കണ്ണൂർ, മലപ്പുറം ജില്ലകളിലെ അനുയോജ്യത ഉറപ്പാക്കിയ പ്രദേശങ്ങളിൽ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ മുഖേന കൂട് മത്സ്യകൃഷിയും ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കല്ലുമ്മേക്കായ കൃഷിയും നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ